**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3752** **15-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ പൊതു ജനങ്ങൾക്ക് എന്നുമുതൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ പൊതുജനങ്ങൾക്ക് ഉടൻ തന്നെ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പാലക്കാട് ജില്ലയിൽ നാളിതുവരെ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; പട്ടാമ്പി മണ്ഡലത്തിൽ ഇതുവരെ നൽകിയിട്ടുള്ള കെ-ഫോൺ കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ളവയുടെ എണ്ണവും അറിയിക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ നാളിതുവരെ 438 കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ 179 ഓഫീസുകൾക്ക് / സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകാനുള്ളതിൽ 152 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കണക്ഷൻ നൽകാനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരവും ഫോൺ നമ്പരും നൽകാമോ; | (സി) | പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.<br><br>അനന്തു കൃഷ്ണൻ.എ - ജില്ലാ കോ-ഓർഡിനേറ്റർ (BEL), പാലക്കാട്- 9562237312<br><br>ശരത്.കെ.എസ് - ജില്ലാ കോ-ഓർഡിനേറ്റർ (SRIT), പാലക്കാട് - 7034188110<br><br>കൈലാസ്.റ്റി.കെ.- PoP എഞ്ചിനീയർ - 9072980684<br><br><u>കെ-ഫോൺ ട്രെയിനീസ്- പാലക്കാട്</u><br><br>ശിശിര - 8075579543<br><br>ജാഫ്രിൻ - 9746709008 |
| (ഡി) | പട്ടാമ്പി മണ്ഡലം അടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പട്ടാമ്പി മണ്ഡലം ഉൾപ്പെടെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും കെ-ഫോൺ പദ്ധതി ഉടൻ തന്നെ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുമ്പോൾ കേബിൾ ഓപ്പറേറ്റർമാർക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ? | (ഇ) | കെ-ഫോൺ പദ്ധതിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ സേവനങ്ങൾ നൽകുന്നതിന് വേണ്ടി വിളിക്കുന്ന ടെൻഡറുകളിൽ പങ്കെടുത്തുകൊണ്ട് കേരളത്തിലെ കേബിൾ ടി.വി ഓപ്പറേറ്റർമാർക്ക് കെ-ഫോൺ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ